## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 418 — 09.02. 2016 ൽ മറുപടിക്ക്

### താരീഫ് പ്രകാരമുള്ള വൈദ്യുതി നിരക്ക്

ചോദ്യം — ഉത്തരം

ശ്രീ.ഇ.ചന്ദ്രശേഖരൻ — ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഓരോ വിഭാഗത്തിനുമുള്ള താരീഫ് പ്രകാരമുള്ള വൈദ്യുതി നിരക്ക് എത്രയായിരുന്നു എന്നും 2016 ജനുവരി മാസത്തിലെ നിരക്ക് എത്രയെന്നും വ്യക്തമാക്കാമോ; | (എ) വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |
| (ബി) ഈ സർക്കാർ നാളിതു വരെ എത്ര തവണ വൈദ്യുത നിരക്ക് കൂട്ടി; ഓരോ തവണയും കൂട്ടിയ തുക എത്ര; | (ബി) മൂന്നുതവണ പരിഷ്കരിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്ക് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്. |
| (സി) ഈ സർക്കാർ അധികാരമേറ്റ ശേഷം വൈദ്യുതി വകുപ്പിൽ മറ്റ് ഏതെല്ലാം ഇനങ്ങളിൽ ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള (പോസ്റ്റ് ഉൾപ്പെടെയുള്ള) നിരക്കുകൾ, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാരം, 01.04.2014 മുതൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-3 ആയി കൊടുത്തിരിക്കുന്നു.<br><br>കൂടാതെ, കോളനികൾ, ബഹുനില കെട്ടിടങ്ങൾ, വാണിജ്യ/വ്യാവസായിക/ഗാർഹിക സമുച്ചയങ്ങൾ മുതലായവയ്ക്കുള്ള വ്യക്തിഗത കണക്ഷനുകൾക്ക്, കണക്ഷൻ ഒന്നിന് 300/- രൂപാ ക്രമത്തിൽ 'Energisation Charge' 01.07.2015 ലെ 'Kerala State Electricity Regulatory Commission' ഉത്തരവ് പ്രകാരം 01.09.2015 മുതൽ ഏർപ്പെടുത്തിയിട്ടുണ്ട്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

ഇതിനു പുറമേ, കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് - 2014 ലെ റെഗുലേഷൻ 77 (3) പ്രകാരം പുതുതായി സർവ്വീസ് കണക്ഷന് അപേക്ഷിക്കുന്ന പ്രിമൈസസിൽ, അവധി ദിവസങ്ങളിലോ, ഉപഭോക്താവ് തിരഞ്ഞെടുക്കുന്ന ദിവസങ്ങളിലോ, പരിശോധന നടത്തുന്നതിന് താഴെ പറയുന്നപ്രകാരം 01.07.2015 ലെ കമ്മീഷൻ ഉത്തരവ് അനുസരിച്ച് 01.09.2015 മുതൽ Kerala State Electricity Board Limited ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | വിഭാഗം | ഉപഭോക്താവ് തിരഞ്ഞെടുക്കുന്ന പ്രവൃത്തി ദിനങ്ങളിൽ നടത്തപ്പെടുന്ന പരിശോധനയ്ക്കുള്ള ഫീസ് (രൂപയിൽ) | ഉപഭോക്താവ് തിരഞ്ഞെടുക്കുന്ന അവധി ദിനങ്ങളിൽ നടത്തപ്പെടുന്ന പരിശോധനയ്ക്കുള്ള ഫീസ് (രൂപയിൽ) |
|---|---|---|---|
| 1 | എൽ.റ്റി സിംഗിൾ ഫേസ് | 25 | 50 |
| 2 | എൽ.റ്റി ത്രീ ഫേസ് | 50 | 100 |
| 3 | എച്ച്.റ്റി | 1,000 | 2,000 |
| 4 | ഇ.എച്ച്.റ്റി | 2,000 | 4,000 |

സെക്ഷൻ ഓഫീസർ